# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4235 25.06.2018-ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.എം. സ്വരാജ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പല ക്യാമ്പുകളുടേയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പ വരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ.(സാധാ)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽകരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ). ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പ വരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്ക്വാഡ് പരിശോധനകളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തി വരുന്നു. |
| (ബി) | ഇക്കാരണത്താൽ നിരവധി പകർച്ചവ്യാധികളും മറ്റ് രോഗങ്ങളും ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | ഇത്തരം ക്യാമ്പുകളിൽ ക്രമമായി പരിസര ശുചിത്വവുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ.